(സി) ഇത്തരം കുറ്റകൃത്യങ്ങൾ വ്യാപകമല്ല. ശിക്ഷിക്കപ്പെട്ടവർ ജാമ്യത്തിലിറങ്ങി ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന അപൂർവ്വം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ വ്യാപകമല്ല. ഇത്തരം സംഭവങ്ങൾക്കെതിരെ നിലവിലുള്ള നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാറണ്ടുള്ള പ്രതികളെ പിടികൂടി കോടതിയിൽ ഹാജരാക്കുവാൻ കർശന നിർദ്ദേശം നൽകി ആയത് നടപ്പിലാക്കിവരുന്നു.

(എഫ്) ഉദ്യോഗസ്ഥർ തട്ടിപ്പിനിരയായതായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒറ്റപ്പെട്ട സംഭവങ്ങൾ പരിശോധിച്ചിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥർ തട്ടിപ്പുകാർക്ക് ഒത്താശ ചെയ്ത് കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യങ്ങളിൽ രഹസ്യാന്വേഷണ വിഭാഗവും അഴിമതി നിരോധന വകുപ്പും ജാഗ്രത പുലർത്തിവരുന്നുണ്ട്.

കുബേർകുഞ്ചി എന്ന പേരിൽ ദൃശ്യമാദ്ധ്യമങ്ങളിൽ പരസ്യം നൽകി നടത്തിയ തട്ടിപ്പ്

40 (1509) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുബേർകുഞ്ചി എന്ന പേരിൽ ദൃശ്യമാദ്ധ്യമങ്ങളിൽ പരസ്യം നൽകി നടത്തിയ തട്ടിപ്പിനെതിരെ എറണാകുളം സിറ്റി പോലീസ് കേസെടുത്തിരുന്നോ ;

(ബി) എത്ര കോടി രൂപയുടെ തട്ടിപ്പാണ് ഇവർ നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ ദൃശ്യമാദ്ധ്യമങ്ങളിൽ വരുന്ന മറ്റ് തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിലുള്ള തട്ടിപ്പുകൾക്കെതിരെ 1954-ലെ ഡ്രഗ്സ് ആന്റ് മാജിക്കൽ റമഡീസ് ആക്റ്റ് അനുസരിച്ച് കേസ്സെടുക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള പരസ്യങ്ങൾക്കും സ്ഥാപനങ്ങൾക്കുമെതിരെ പ്രസ്തുത നിയമമനുസരിച്ച് കേസ് എടുക്കണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly